# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 34 — 06.03.2012-ൽ മറുപടിക്ക്.

## അതിവേഗ റെയിൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. വി. ശശി :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അതിവേഗ റെയിൽപ്പാത സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറായിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനാണ് ഇതിന്റെ നോഡൽ ഏജൻസി. ഡൽഹി മെട്രോ റയിൽ കോർപറേഷനാണ് ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഇപ്പോൾ കേരള ഹൈ സ്പീഡ് റെയിൽ കോർപറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപവൽക്കരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായിവരും എന്നും വെളിപ്പെടുത്തുമോ ; | (ബി) ഡി.എം.ആർ.സി-യുടെ സാദ്ധ്യതാ പഠന (Pre-feasibility) റിപ്പോർട്ട് പ്രകാരം വളരെ കുറച്ചു സ്ഥലം മാത്രമേ ഈ പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കേണ്ടി വരികയുള്ളു. തൂണുകളുടെ മുകളിലൂടെയും തുരങ്കങ്ങളിലൂടെയും പാത കടന്നുപോകുന്നതിനാൽ വളരെ കുറച്ചു കുടുംബങ്ങളെ മാത്രമേ ഒഴിപ്പിയ്ക്കേണ്ടതായി വരികയുള്ളു. എന്നാൽ വ്യക്തമായ കണക്കുകൾ Detailed Project Report തയ്യാറായതിനു-ശേഷമേ ലഭ്യമാവുകയുള്ളൂ. |
| (സി) പുതിയ പാതയുടെ അലൈൻമെന്റ്, ഏറ്റെടുക്കുന്ന സ്ഥലം, പുനരധിവാസ പാക്കേജ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും ധാരണകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) ഇതു സംബന്ധിച്ചുള്ള ധാരണകൾ ഉണ്ടായിട്ടില്ല. |
| (ഡി) എത്ര കാലം കൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണു-ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഡി.എം.ആർ.സി-യുടെ പ്രീഫീസിബിലിറ്റി റിപ്പോർട്ട് അനുസരിച്ച് ഈ പദ്ധതി 31.03.2020-ഓടെ പൂർത്തീകരിക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ